(ഡി) വനം വകുപ്പിന്റെ സെൻട്രൽ നഴ്സറികൾ വനവിജ്ഞാനവ്യാപന കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള നഴ്സറികൾ എന്നിവയ്ക്ക് പുറമേ പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വൃക്ഷത്തൈ ഉല്പാദനത്തിൽ ആധുനിക പരിശീലനം നൽകി വൃക്ഷത്തൈകൾ പ്രാദേശിക തലത്തിൽ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സാമ്പത്തിക മേഖലാനയം

1 (1053) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലാനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17-6-2003-ലെ ജി. ഒ. (ആർ. റ്റി.) നം. 576/2003/ID പ്രകാരം സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലാ നയം രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നേരിട്ടുള്ള വിദേശ നിക്ഷേപം (Foreign Direct Investment-FDI) ഉൾപ്പെടെ കൂടുതൽ നിക്ഷേപം ആകർഷിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം സാമ്പത്തിക നയത്തിൽ കയറ്റുമതിക്ക് ഊന്നൽ നൽകിയും അതിന് ഉതകുംവിധം വ്യാവസായിക അന്തരീക്ഷം ഒരുക്കുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മറ്റു സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഇത്തരത്തിൽ കൂടുതൽ സാമ്പത്തിക വളർച്ചയും തൊഴിൽ സാദ്ധ്യതയും ആണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ആവശ്യമുണ്ട്.

(ഡി) കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി കയറ്റുമതി സംസ്ക്കരണ മേഖല പ്രത്യേക സാമ്പത്തിക മേഖലയാക്കി പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly